മീനച്ചിൽ
നദീസംരക്ഷണ
സമിതി

Meenachil River Protection Council, Reg.No.211/08, Kidangoor P O
686574, Kottayam District, Kerala Website:Email:
www.meenachilriver.org meenachilriver78@gmail.com

Phone: 9400213141 / 944714460

Poonjar

19-03-2024

Dear Sir,

മീനച്ചിൽ നദീ- മഴ നിരീക്ഷണ ശൃംഖലയിൽ കൂടുതൽ നിരീക്ഷണ സംവിധാനങ്ങൾ ഉൾപ്പെടുത്തി സമഗ്രവും ശാസ്ത്രീയവുമാക്കുന്നതിൻ്റെ ഭാഗമായി സംസ്ഥാന ദുരന്തനിവാരണ അതോറിട്ടിയ്ക്ക് 2020 സെപ്റ്റംബർ 14 ൽ നൽകിയ അപേക്ഷ പരിഗണിച്ച് പാലാ വലിയപാലത്തിൽ റിവർ ഗേജ് വരയ്ക്കുവാൻ 05/04/2023 ൽ ചെക്ക് മുഖേന പതിനായിരം രൂപ അനുവദിച്ചിരുന്നു. ഈ തുക കോട്ടയം ജില്ലാ ദുരന്തനിവാരണ അതോറിട്ടി വഴി ലഭ്യമാക്കുകയായിരുന്നു. ജില്ലാ ദുരന്തനിവാരണ അതോറിട്ടിയുടെ ഇൻ്റർ ഏജൻസി ഗ്രൂപ്പിൽ (IAG) മീനച്ചിൽ നദീസംരക്ഷണസമിതി അംഗമാണ്. ഈ തുക ഫലപ്രദമായി വിനിയോഗിക്കുകയും പാലാ വലിയപാലത്തിലെ റിവർ ഗേജ് മീനച്ചിൽ നദീ- മഴ നിരീക്ഷണ ശൃംഖലയിലെ ഏറ്റവും ശ്രദ്ധേയമായ ഒന്നായി മാറുകയും ചെയ്തു. ശൃംഖലയിലെ ഏറ്റവും ഉയരം കൂടിയ റിവർ ഗേജ് എന്നതുകൊണ്ടു കൂടി എല്ലാവിധ തയ്യാറെടുപ്പുകളും മുൻകരുതലുകളും സ്വീകരിച്ചാണ് 22/4/ 2023 ൽ ഈ പ്രവർത്തി പൂർത്തിയാക്കിയത്. കേരള ഫയർ & റെസ്ക്യൂ പാലാ, ടെൻസിംങ് നേച്ചർ & അഡ്വഞ്ചർ ക്ലബ്ബ് തലനാട് എന്നീ സംവിധാനങ്ങളുടെയും MRRM വളൻ്റിയർമാരുടെയും പിന്തുണയും ഉറപ്പാക്കി. കായികമായും സാങ്കേതികമായുമുള്ള സഹായസഹകരണങ്ങൾ അവർ നൽകി. മീനച്ചിലാറിലെ പ്രളയമുന്നറിയിപ്പിലും നദീനിരീക്ഷണത്തിലും ഏറ്റവും പ്രാധാന്യമുള്ള ഒരു ലൊക്കേഷനായിരുന്നു പാലാ വലിയപാലം. അതുകൊണ്ടുതന്നെ ഏറെ ശ്രദ്ധയോടും താൽപര്യത്തോടും കൂടിയാണ് മീനച്ചിൽ നദീസംരക്ഷണസമിതി ഈ പദ്ധതി നടപ്പാക്കിയത്. സ്കെയിൽ വരയ്ക്കാനുള്ള സന്നാഹങ്ങൾ പാലത്തിന് സമീപം എത്തിക്കാനും തിരികെ നൽകാനുമുള്ള ചിലവുകൾക്കുപുറമെ പെയിൻ്റിംഗ് സാമഗ്രികൾ, പണിക്കൂലിയുമായാണ് തുക ഫലപ്രദമായി വിനിയോഗിച്ചത്. വലിയപാലത്തോട് ചേർന്ന് താലൂക്ക് ലൈബ്രറി ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ വച്ച് മീനച്ചിൽ നദീസംരക്ഷണസമിതി പ്രസിഡൻ്റ് ഡോ. എസ്. രാമചന്ദ്രൻ റിവർ ഗേജ് ഔപചാരികമായി

ഉത്ഘാടനം ചെയ്തു. ദിവസേനയുള്ള പുഴയളവുകൾ MRRM വളൻ്റിയർമാർ നിരീക്ഷിച്ച് രേഖപ്പെടുത്തുകയും സോഷ്യൽ മീഡിയവഴി പ്രസിദ്ധപ്പെടുത്തുകയും ദുരന്തനിവാരണ അതോറിട്ടി ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. മഴമാപിനിയും താപമാപിനിയും നിരീക്ഷിക്കുന്ന പാലാ സെൻ്റ് തോമസ് ഹയർ സെക്കൻ്ററി സ്കൂൾ ക്ലൈമറ്റ് ആക്ഷൻ ഗ്രൂപ്പിനെ പാലാ വലിയപാലം പുഴമാപിനിയും ചുമതലപ്പെടുത്തി ഒരു റഫറൻസ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ദിവസേനയുള്ള പുഴയളവുകൾ നിരീക്ഷിച്ച് രേഖപ്പെടുത്തി കൈമാറുന്ന MRRM വളൻ്റിയർമാരായ ശ്രീ. സ്മിൻ്റു കെ.ജി., ശ്രീ. മനോജ് മാത്യു എന്നിവരും ഈ റിവർ ഗേജിൻ്റെ ഫലപ്രാപ്തി ഉറപ്പാക്കുന്നു. കൂടാതെ നൂറുകണക്കിനാളുകൾ പ്രളയകാലത്ത് തത്സമയ നിരീക്ഷണങ്ങളിലൂടെ അവരുടെ സുരക്ഷയും സുഗമമായ ജീവിത സാഹചര്യങ്ങളും ഉറപ്പുവരുത്തുന്നുമുണ്ട്. മീനച്ചിൽ നദി- മഴ നിരീക്ഷണ ശൃംഖലയെ സമഗ്രമാക്കുന്നതിന് കേരള സംസ്ഥാന ദുരന്തനിവാരണ അതോറിട്ടി നൽകുന്ന സഹകരണങ്ങൾക്കും പിന്തുണയ്ക്കും സാമ്പത്തിക സഹായങ്ങൾക്കും നന്ദി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

മീനച്ചിൽ നദി സംരക്ഷണ സമിതി
രജി.നമ്പർ :K-211/08
Pin:686572
കിടങ്ങൂർ P.O. കോട്ടയം

എബി ഇമ്മാനുവൽ പി

സെക്രട്ടറി, മീനച്ചിൽ നദീസംരക്ഷണസമിതി

കോ- ഓർഡിനേറ്റർ, മീനച്ചിൽ നദീ - മഴ നിരീക്ഷണ ശൃംഖല (Meenachil River &Rain Monitoring Network -MRRM)

## PHOTOS


04-07-2023
12.10 pm
10.0 feet
Trend UP
Slowly
Pala
KSDMA
MRRM


Pala 15 feet
04-7-2023
05.00 pm
Trend UP
2023/7/4 17:18


Pala Bridge
23-09-2023
06.45 am 07.5 feet
#MRRM
#KSDMA




30
29
28
27
26
25
24
AUG,18
23
22
21
20
19
18
17
16
15
14
13
12
11
10
9
8
7
KSDMA
MRRM